**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 187** **22-02-2022 - ൽ മറുപടിയ്ക്ക്**

**കൊടുവള്ളി നിയോജകമണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | രോഗ പരിചരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൊടുവള്ളി നിയോജക മണ്ഡലത്തിലെ നരിക്കുനി സാമൂഹ്യ ആരോഗ്യ കേന്ദ്രം, മടവൂർ കുടുംബാരോഗ്യ കേന്ദ്രം, കട്ടിപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം, കൊടുവള്ളി സാമൂഹികാരോഗ്യകേന്ദ്രം എന്നീ സ്ഥാപനങ്ങൾക്ക് തത്വത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നുള്ള വിവരം ലഭ്യമാക്കുമോ; | (എ) | രോഗപരിചരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കൊടുവള്ളി നിയോജക മണ്ഡലത്തിലെ നരിക്കുനി സാമൂഹ്യ ആരോഗ്യ കേന്ദ്രം, മടവൂർ കുടുംബാരോഗ്യ കേന്ദ്രം, കട്ടിപ്പാറ പ്രാഥമികാരോഗ്യകേന്ദ്രം, കൊടുവള്ളി സാമൂഹികാരോഗ്യകേന്ദ്രം എന്നീ സ്ഥാപനങ്ങൾക്ക് ആകെ 9കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. a. കൊടുവള്ളി സി.എച്ച്.സി കൊടുവള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിട നിർമ്മാണത്തിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലത്തെ പഴയ കെട്ടിടങ്ങൾ പൊളിച്ചു മാറ്റേണ്ടതായിട്ടുള്ളതിനാൽ ആയത് പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പുതിയ കെട്ടിട നിർമ്മാണത്തിന്റെ സാങ്കേതികാനുമതിയുടെ പ്രാരംഭഘട്ടമായി മണ്ണ് പരിശോധന നടന്നു കൊണ്ടിരിക്കുന്നു. സാങ്കേതികാനുമതി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ തുടങ്ങുന്നതാണ്. b. നരിക്കുനി സി.എച്ച്.സി നരിക്കുനി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ കെട്ടിടം നിർമ്മിക്കുന്നതിനായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്ന ണ്ട്. സാങ്കേതികാനുമതിയുടെ പ്രാരംഭ ഘട്ടമായുള്ള മണ്ണ് പരിശോധന നടന്നു വരുന്നു. c. മടവൂർ കുടുംബാരോഗ്യ കേന്ദ്രം മടവൂർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി 1.5 കോടി രൂപയുടെ |

| | | | |
|---|---|---|---|
| | | | ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുടെ ഡിസൈൻ തയ്യാറാക്കി എസ്റ്റിമേറ്റ് പൂർത്തീകരിച്ചിട്ടുള്ളതായി പൊതുമരാമത്ത് വകുപ്പിൽ നിന്നും അറിയിക്കുകയുണ്ടാടായി. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള തുടർ നടപടികൾ തുടങ്ങുന്നതാണ്. d. കട്ടിപ്പാറ കുടുംബാരോഗ്യകേന്ദ്രം കട്ടിപ്പാറ കുടുംബാരോഗ്യകേന്ദ്രത്തിന് 1.5കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തിയുടെ ഡിസൈൻ തയ്യാറാക്കി എസ്റ്റിമേറ്റ് പൂർത്തീകരിച്ചതായി പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നരിക്കുനി, മടവൂർ, കട്ടിപ്പാറ എന്നിവയുടെ പ്ലാനും എസ്റ്റിമേറ്റും അംഗീകരിക്കുന്നതിന് കോഴിക്കോട് ജില്ലാ മെഡിക്കൽ ഓഫീസർ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച ഫയലിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (ബി) | മേൽപ്പറഞ്ഞ 3 സ്ഥാപനങ്ങളിലേയും കൂടാതെ കൊടുവള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിന്റെയും പ്ലാൻ ആന്റ് എസ്റ്റിമേറ്റ് അംഗീകരിച്ച പ്രകാരമാണ് നിർമ്മാണ പ്രവർത്തികൾക്കായി 4 സ്ഥാപനങ്ങൾക്കുമായി ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രവർത്തിക്കാവശ്യമായ സാങ്കേതികാനുമതിക്കുള്ള പ്രാരംഭ നടപടികൾ പൊതുമരാമത്ത് വകുപ്പ് ആരംഭിച്ചിട്ടുണ്ട്. |
| (സി) | ഇത് സംബന്ധിച്ച് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിലെ ഫയലിന്റെ നമ്പർ ലഭ്യമാക്കുമോ; | (സി) | പി.എൽ.ബി.3-79420/2020/ആ.കു.വ |
| (ഡി) | കൊടുവള്ളി സാമൂഹികാരോഗ്യ കേന്ദ്രത്തിലെ പ്ലാനും എസ്റ്റിമേറ്റും അംഗീകരിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; | (ഡി) | കൊടുവള്ളി സാമൂഹികാരോഗ്യകേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സമർപ്പിച്ച പ്ലാൻ ആന്റ് എസ്റ്റിമേറ്റിന്റേയും അടിസ്ഥാനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഇ) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ഇ) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളിലെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (എഫ്) | ഇത് സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുള്ള ഫയലുകളുടെ നമ്പർ ലഭ്യമാക്കുമോ? | (എഫ്) | പി3-167/2020/ആ.കു.വ |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ആരോഗ്യകുടുംബക്ഷേമ വകുപ്പ് - ആരോഗ്യവകുപ്പ് - 5054-80-800-66 എന്ന ലംപ്സം ശീർഷകത്തിൽ നിന്നും വിവിധ പ്രവർത്തികൾക്ക് തത്വത്തിൽ ഭരണാനുമതി നൽകി അനുവദിച്ച തുക ആരോഗ്യവകുപ്പ് ഡയറക്ടറുടെ പ്രവർത്തികളുടെ ശീർഷകത്തിൽ ഭരണാനുമതി നൽകി ഉത്തരവാകുന്നു

---

**ആരോഗ്യകുടുംബക്ഷേമ (പി) വകുപ്പ്**

**സ.ഉ.(സാധാ) നം.1495/2021/ആ.കു.വ** **തീയതി, തിരുവനന്തപുരം, 18.07.2021**

---

പരാമർശം:- 1. 03.11.2020 തീയതിയിലെ സ.ഉ (സാധാ) 2040/2020/ആ.കു.വ. നമ്പർ ഉത്തരവ്

2. ധനകാര്യവകുപ്പിന്റെ 23.11.2020 ലെ 73/2020/ധന.നമ്പർ പരിപത്രം

3. 26.02.2021 ലെ സ.ഉ (സാധാ) 574/2021/ആ.കു.വ. നമ്പർ ഉത്തരവ്

4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 24.02.2021 തീയതിയിലെ പി.എൽ.ബി3-79420/2020/ആ.കു.വ. നമ്പർ കത്ത്.

## <u>ഉത്തരവ്</u>

രോഗീപരിചരണ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യവകുപ്പിന് കീഴിലുള്ള തെരെഞ്ഞെടുത്ത ഇരുപത്തി ഒന്ന് ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാൻ 5054-80-800-66 എന്ന ലംപ്സം ശീർഷകത്തിൽ നിന്നും 42.70 കോടി രൂപ അനുവദിച്ച് പരാമർശം (1) ലെ ഉത്തരവ് പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. ആയതിൽ പതിനൊന്ന് ആശുപത്രികൾക്ക് 5054-80-800-66 എന്ന ലംപ്സം ശീർഷകത്തിൽ നിന്നും അനുവദിച്ച 23.20 കോടി രൂപ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പ്രവർത്തികളുടെ തനത് ശീർഷകത്തിലേക്ക് അനുവദിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

(2) ചുവടെ ചേർക്കുന്ന നാല് ആശുപത്രികൾക്ക് കൂടി 5054-80-800-66 എന്ന ലംപ്സം ശീർഷകത്തിൽ നിന്നും അനുവദിച്ച 9 കോടി രൂപ ആരോഗ്യവകുപ്പ് ഡയറക്ടറുടെ പ്രവർത്തികളുടെ തനത് ശീർഷകത്തിലേക്ക് അനുവദിച്ച് നൽകണമെന്നഭ്യർത്ഥിച്ച് കൊണ്ട് പ്രസ്തുത ആശുപത്രികളുടെ എസ്റ്റിമേറ്റ് സഹിതം ആരോഗ്യവകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം അപേക്ഷിച്ചിരുന്നു.

| ക്രമ നം. | ആശുപത്രിയുടെ പേര് | തുക (കോടി) |
|---|---|---|
| 1. | കൊടുവള്ളി സി.എച്ച്.സി. കെട്ടിടനിർമ്മാണം (കൊടുവള്ളി) | 3.00 |
| 2. | നരിക്കുനി സി.എച്ച്.സി (കൊടുവള്ളി) | 3.00 |
| 3. | മടവൂർ പി.എച്ച്.സി. (കൊടുവള്ളി) | 1.50 |
| 4. | കട്ടിപ്പാറ പി.എച്ച്.സി. (കൊടുവള്ളി) | 1.50 |
| | ആകെ | 9.00 |

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) ലെ പരിപത്രത്തിന്റെ വെളിച്ചത്തിൽ ലംപ്സം ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകക്ക് തത്ത്വത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ, മേൽ പറഞ്ഞിട്ടുള്ള നാല് ആശുപത്രികൾക്ക് അതാത് ആശുപത്രികളുടെ നേർക്ക് രേഖപ്പെടുത്തിയിരിക്കുന്ന തുകക്ക് ആരോഗ്യവകുപ്പ് ഡയറക്ടറുടെ പ്രവർത്തികളുടെ ശീർഷകമായ 4210-01-110-74-01 (PV) എന്ന ശീർഷകത്തിൽ നിന്നും 9,00,00,000/- (രൂപ ഒമ്പത് കോടി മാത്രം) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**രാജൻ.എൻ.ഖോബ്രഗഡെ**
**പ്രിൻസിപ്പൽ സെക്രട്ടറി**

**പകർപ്പ്:-**

1. ആരോഗ്യവകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
2. ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
5. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
6. ധനകാര്യ (ഹെൽത്ത് എ) വകുപ്പ് (22.03.2021, 15.07.2021 എന്നീ തീയതികളിലെ 1612789/ഹെൽത്ത്-എ 1/147/2020-ധന.നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ